# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239 — 19.12.2012 ൽ മറുപടിക്ക്

## 108 ആംബുലൻസ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 108 ആംബുലൻസ് സർവ്വീസ് അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 108 ആംബുലൻസ് സർവ്വീസ് എന്നു മുതലാണ് ആരംഭിച്ചത് ; | (ബി) 19.5.2010 മുതലാണ് 108 ആംബുലൻസ് സർവ്വീസ് പ്രവർത്തനം ആരംഭിച്ചത് . |
| (സി) സംസ്ഥാനത്ത് എത്ര 108 ആംബുലൻസ് സർവ്വീസ് നടത്തുന്നുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് ആകെ 43, '108' ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ 25 എണ്ണം തിരുവനന്തപുരം ജില്ലയിലും 18 എണ്ണം ആലപ്പുഴ ജില്ലയിലുമാണ് സർവ്വീസ് നടത്തുന്നത്. |
| (ഡി) ഇതിനാവശ്യമായ ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നത്; | (ഡി) '108' ആംബുലൻസുകൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള മൂലധന നിക്ഷേപം (വാഹനങ്ങൾ വാങ്ങുന്നതിനും, കൺട്രോൾ റൂം എന്നിവയ്ക്കും) കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖേനയാണ് ലഭിക്കുന്നത്. പ്രവർത്തന ചെലവുകൾക്കായി ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും ആദ്യ വർഷം 60% ഉം, രണ്ടാം വർഷം 40%ഉം, മൂന്നാം വർഷം മുതൽ 20% ഉം ലഭിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി ആദ്യ വർഷം പ്രവർത്തന ചിലവുകളുടെ 40%ഉം രണ്ടാം വർഷം 60% ഉം, മൂന്നാം വർഷം മുതൽ 80% ഉം വഹിക്കേണ്ടതായുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തെ എല്ലാ മേഖലയിലും ലഭ്യമാകുന്ന തരത്തിൽ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | 108 ആംബുലൻസ് സർവ്വീസുകളുടെ സേവനം സംസ്ഥാനത്തെ എല്ലാ മേഖലകളിലും ലഭ്യമാകുന്ന തരത്തിൽ വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ